## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *266** **18.06.2019-ൽ മറുപടിയ്ക്ക്**

### വയനാട് ചുരം സമാന്തരപാത സംബന്ധിച്ച പഠനം

| ചോദ്യം | മറുപടി |
| --- | --- |
| **ഡോ.എം. കെ. മുനീർ**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.ടി.വി. ഇബ്രാഹിം**<br>**ശ്രീ. പി.ഉബൈദുള്ള** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി)** |
| (എ) വയനാട് ചുരം റോഡിന് സമാന്തരമായി തുരങ്കപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; | എ) ഉണ്ട്. |
| (ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി റോഡാണ് വയനാട് ചുരം റോഡിന് ബദലായി വിഭാവനം ചെയ്തിട്ടുള്ള ഒരു പ്രധാന പാത. ഈ റോഡിന്റെ നിർമ്മാണത്തിനായുള്ള പ്രാഥമിക സാധ്യതാ പഠനത്തിൽ തുരങ്കപാതയാണ് ഉചിതമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ആനക്കാംപൊയിൽ കള്ളാടി - മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>തുരങ്കപാത നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക വൈദഗ്ധ്യവും മുൻപരിചയവുമുള്ള കൊങ്കൺ റെയിൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 12/02/2019 – ലെ G.O(Rt) No. 212/2019/PWD, 31/05/2019 -ലെ G.O(Rt) No.684/2019/PWD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനെ ഡി.പി.ആർ തയ്യാറാക്കാനും, പദ്ധതി നിർവ്വഹണത്തിനുമായുള്ള എസ്.പി.വി ആയി തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്. |
| (സി) | പാതയ്ക്ക് ആവശ്യമായ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കിഫ്ബിയിലൂടെ തുക കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ